# പതിമൂന്നാം കേരള നിയമസഭ
**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
**(WATER RESOURCES)**

2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി
അതോറിറ്റി ബിൽ സംബന്ധിച്ച റിപ്പോർട്ട്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III

# (SUBJECT COMMITTEE III)

**ജലവിഭവം**

**(WATER RESOURCES)**

2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി
അതോറിറ്റി ബിൽ സംബന്ധിച്ച റിപ്പോർട്ട്

135/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി III

## ജലവിഭവം

(2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

,, വി. റ്റി. ബൽറാം

,, കെ. കെ. ജയചന്ദ്രൻ

,, ജി. എസ്. ജയലാൽ

,, വർക്കല കഹാർ

,, കെ. കുഞ്ഞിരാമൻ (ഉദുമ)

,, കെ. മുഹമ്മദുണ്ണി ഹാജി

,, റ്റി. എൻ. പ്രതാപൻ

,, തോമസ് ചാണ്ടി

,, തോമസ് ഉണ്ണിയാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ പരിഗണനയ്ക്കയച്ച '2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ' പിൻവലിക്കുന്നതിനായുള്ള പ്രമേയത്തിന്റെ നോട്ടീസിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ പരിഗണനയിലിരിക്കുന്ന '2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിൽ' അടങ്ങിയിരിക്കുന്ന നിയമനിർമ്മാണ നിർദ്ദേശം ഉപേക്ഷിക്കുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബില്ലിന്റെ ചുമതല വഹിക്കുന്ന ജലവിഭവ വകുപ്പുമന്ത്രി നിയമസഭയിൽ ഒരു പ്രമേയത്തിന് അവതരണാനുമതി തേടിയിരിക്കുകയാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(എ)യുടെ ക്ലിപ്ത നിബന്ധന വ്യക്തമാക്കുംപ്രകാരം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന ഒരു ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയത്തിനുള്ള നോട്ടീസ് അവതരിപ്പിക്കുവാൻ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം തീരുമാനിക്കുന്നപക്ഷം പ്രസ്തുത നോട്ടീസ് ബിൽ പരിഗണിക്കുന്ന സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതായി കണക്കാക്കേണ്ടതും കമ്മിറ്റിയുടെ അതിന്മേലുള്ള അഭിപ്രായം ഒരു റിപ്പോർട്ടായി സഭയെ അറിയിക്കേണ്ടതുമാണ്. 21-1-2014-ൽ ചേർന്ന സമിതിയോഗം പ്രസ്തുത ബിൽ പിൻവലിക്കുന്നതിനുള്ള നോട്ടീസ് പരിഗണിക്കുകയും ബിൽ പിൻവലിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. അത് സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

പി. ജെ. ജോസഫ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III (ജലവിഭവം).*

തിരുവനന്തപുരം,
2014 ജനുവരി 21.

## റിപ്പോർട്ട്

2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ 2013 ഏപ്രിൽ 1-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അതേദിവസം തന്നെ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു. സമിതി അതേദിവസം തന്നെ ബിൽ പരിഗണിക്കുകയും വിദഗ്ധരിൽനിന്നും താല്പര്യമുള്ള പ്രതിനിധികളിൽനിന്നും പറയുവാനുള്ളത് കേൾക്കുവാനും ആവശ്യമെങ്കിൽ വിവിധ ജില്ലകളിൽ തെളിവെടുപ്പ് നടത്തുന്നതിനും തുടർന്ന് വിശദമായ ചർച്ചകൾക്കും ശേഷം മാത്രം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചാൽ മതിയെന്ന് തീരുമാനത്തിലെത്തുകയും ചെയ്തു.

എന്നാൽ സമിതിയുടെ പരിഗണനയിലിരിക്കുന്ന പ്രസ്തുത ബില്ലിലെ നിയമനിർമ്മാണ നിർദ്ദേശം ഉപേക്ഷിക്കുവാൻ തീരുമാനിച്ച സാഹചര്യത്തിൽ ബിൽ പിൻവലിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

പി. ജെ. ജോസഫ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2014 ജനുവരി 21.

135/2014.